# ദുരിതബാധിതർക്ക് അവഗണന തന്നെ

ഭോപ്പാലിൽ 15,000-ത്തിലധികം പേരുടെ മരണത്തിനിടയാക്കിയ വാതകച്ചോർച്ച രാജ്യത്തെ നടുക്കുന്നതായിരുന്നു. ലക്ഷക്കണക്കിനാളുകൾക്കാണ് ആ വ്യാവസായിക അപകടത്തിൽ വൈകല്യങ്ങൾ സംഭവിച്ചത്. ഇത്രയേറെ ജീവഹാനിയും കഷ്ടനഷ്ടങ്ങളും വരുത്തിവെച്ച അപകടത്തിന് കാരണക്കാരായ കമ്പനിയിലെ ചില ഉദ്യോഗസ്ഥർക്ക് രണ്ടുവർഷത്തെ തടവുശിക്ഷ മാത്രമാണ് സംഭവം നടന്ന് 26 കൊല്ലത്തിനുശേഷം വിചാരണക്കോടതി വിധിച്ചതെന്നത് നടുക്കുന്ന വാർത്തയായി. ശിക്ഷ കുറഞ്ഞുപോകാൻ കാരണമായതെന്നു കരുതുന്ന, സുപ്രീംകോടതിയുടെ 1996-ലെ വിധി തിരുത്തണമെന്നാവശ്യപ്പെട്ട് സി.ബി.ഐ. ഹർജി നൽകിയിരുന്നു. ഈ ഹർജി കഴിഞ്ഞ ദിവസം സുപ്രീം കോടതിയുടെ അഞ്ചംഗബെഞ്ച് തള്ളിയത് ഭോപ്പാൽ ദുരിതബാധിതരെ കൂടുതൽ ഹതാശരാക്കിയിരിക്കയാണ്. ഒരു പ്രദേശത്തെ ലക്ഷക്കണക്കിനാളുകളെ നരകതുല്യമായ ജീവിതത്തിലേക്ക് തള്ളിവിട്ട വ്യവസായസ്ഥാപനത്തിന് കേസിൽ നിന്ന് ഇത്രയെളുപ്പം ഊരിപ്പോകാൻ സാധിക്കുമെന്നത് ഖേദകരമാണ്. ചെയർമാൻ കേശബ് മഹീന്ദ്ര ഉൾപ്പെടെ യൂണിയൻ കാർബൈഡിൻെറ എട്ട് ഇന്ത്യൻ ഓഫീസർമാർക്കായിരുന്നു കോടതി ഈ ലഘുശിക്ഷ വിധിച്ചത്. ഇവർക്കെതിരെ ആദ്യം ചുമത്തപ്പെട്ടത് കുറ്റകരമായ നരഹത്യയായിരുന്നെങ്കിലും അശ്രദ്ധമൂലമുള്ള നരഹത്യാക്കുറ്റം മാത്രം ചുമത്തിയാൽ മതിയെന്ന് 1996-ൽ സുപ്രീംകോടതി നിർദേശിച്ചു. ഈ നിർദേശമാണ് 2010-ൽ വിചാരണക്കോടതിയിൽ നിന്നുള്ള ശിക്ഷ നാമമാത്രമായിപ്പോകാൻ കാരണമെന്ന് കരുതപ്പെടുന്നു.

ശിക്ഷാവിധി വന്നശേഷമാണ് 1996-ലെ സുപ്രീംകോടതി ഉത്തരവ് തിരുത്താനായി സി.ബി.ഐ. സുപ്രീംകോടതിയെ സമീപിച്ചത്. 14 കൊല്ലത്തിനുശേഷം മാത്രമാണ് ഈ ആവശ്യമുന്നയിക്കപ്പെട്ടത് എന്ന സാങ്കേതിക കാരണം ചൂണ്ടിക്കാട്ടി സുപ്രീംകോടതി ഈ ഹർജി തള്ളി. കാര്യങ്ങൾ യഥാസമയം ശക്തമായി സുപ്രീംകോടതിയെ ബോധ്യപ്പെടുത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സാധിച്ചില്ലെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. സർക്കാറിൻെറ ഈ വീഴ്ചകൾ കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടില്ലെന്ന് പരാതിയുണ്ട്. ഭോപ്പാൽ ദുരന്തത്തെ അതിൻെറ സമഗ്രതയിൽ വിലയിരുത്തിക്കൊണ്ട്, തിരുത്തൽ ഹർജി വൈകിച്ചവർ ആരാണെന്ന് സുപ്രീംകോടതി അന്വേഷിക്കുകയും മറ്റും ചെയ്തിരുന്നെങ്കിൽ അവർ മേലിലെങ്കിലും ഇത്തരം കാര്യങ്ങളിൽ കുറേക്കൂടി ഉത്തരവാദിത്വം കാണിച്ചേക്കും. ഇതൊന്നുമില്ലാതെ സമയം വൈകിയെന്ന കാരണത്താൽ തിരുത്തൽ ഹർജി തള്ളിപ്പോയത് ഭോപ്പാൽ ദുരന്തബാധിതരെയാകെ നിസ്സഹായരാക്കുകയാണ്. 1996-ൽ ലഭ്യമായ വിവരങ്ങൾ പരിഗണിച്ചാണ് അന്ന് സുപ്രീംകോടതി പ്രതികളുടെ പേരിലുള്ള വകുപ്പുകൾ ലഘുവാക്കിയത്. പിന്നീട് ശിക്ഷ കൂട്ടാൻ സുപ്രീംകോടതിയുടെ ആ ഉത്തരവ് തടസ്സമാകില്ലെന്ന് അന്നുതന്നെ വ്യക്തമാക്കപ്പെട്ടിരുന്നതായി ചൂണ്ടിക്കാണിക്കപ്പെടുന്നു. എന്നാൽ സുപ്രീംകോടതിയുടെ ഒരു നിർദേശം നിലനിൽക്കെ വിചാരണക്കോടതി അത്തരം നടപടികൾക്ക് മടിച്ചിരിക്കാം. അതെന്തായാലും ഭോപ്പാൽ ദുരന്തബാധിതർ എല്ലായ്പ്പോഴും അവഗണിക്കപ്പെടുകയായിരുന്നെന്നാണ് വ്യക്തമാവുന്നത്.

ഇത്തരം കുറ്റങ്ങൾക്ക് ശിക്ഷ പേരിനുമാത്രമായാൽ വ്യവസായസ്ഥാപനങ്ങൾ നാട്ടുകാരുടെ സുരക്ഷ അവഗണിക്കുന്ന പ്രവണത തുടരും. ദുരിതബാധിതർക്കൊപ്പം നിൽക്കുന്നതിന് പകരം ഭരണാധികാരികൾ കമ്പനിമേധാവികളെ രക്ഷിക്കാനുള്ള ശ്രമമാണ് നടത്തിയതെന്ന പരാതി പണ്ടേ ഉണ്ട്. യൂണിയൻ കാർബൈഡിൻെറ അന്നത്തെ ചെയർമാൻ വാറൻ ആൻഡേഴ്സണെ ഇന്ത്യ വിടാൻ അനുവദിച്ചതുമുതൽ ഈ ആരോപണം ശക്തമാണ്. വാതകച്ചോർച്ചയുണ്ടായതിൻെറ നാലാം ദിവസം പോലീസ് ആൻഡേഴ്സണെ അറസ്റ്റ് ചെയ്തതാണ്. എന്നാൽ മണിക്കൂറുകൾക്കകം, ജാമ്യം ലഭിച്ച് രാജ്യംവിട്ട ആൻഡേഴ്സണെ പിന്നീടൊരിക്കലും പിടികൂടി നിയമത്തിനുമുന്നിലെത്തിക്കാൻ ഭരണകൂടത്തിനായിട്ടില്ല. പത്തുവർഷം മുമ്പ് നടത്തിയ പരിശോധനയിൽപ്പോലും ഈ സ്ഥാപനത്തിനടുത്ത് മെർക്കുറി ഉൾപ്പെടെ മാരകമായ പല രാസവസ്തുക്കളുടെയും അംശം അനുവദനീയമായതിൻെറ പല മടങ്ങ് അധികമുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്. മലിനീകരണപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇതുവരെ കമ്പനി അധികൃതരെ നിർബന്ധരാക്കാൻ ഭരണാധികാരികൾക്കോ കോടതികൾക്കോ സാധിച്ചിട്ടില്ലെന്നാണിത് കാണിക്കുന്നത്. ഈ അവസ്ഥ തുടരാനനുവദിച്ചുകൂടാ. നിയമവ്യവസ്ഥകൾ കർക്കശമാക്കുകയും അവ പാലിക്കപ്പെടുന്നുണ്ടെന്നുറപ്പാക്കുകയുമാണ് വേണ്ടത്.